peaceradio
Tune to reality

# പീസ് റേഡിയോ

# അന്നൂർ

## ക്വുർആൻ പഠന പദ്ധതി

# മൊഡ്യൂൾ – 6

## കോഴ്സ് വർക്ക് (6.6)

بسم الله الرحمن الرحيم

പീസ് റേഡിയോയിൽ നടന്നു വരുന്ന അന്നൂർ ക്വുർആൻ പഠന പദ്ധതിയുടെ ആറാം ഘട്ട പരീക്ഷയോട് അനുബന്ധിച്ചുള്ള കോഴ്സ് വർക്കാണ് താഴെ നൽകിയിരിക്കുന്നത്. ഇത്തവരണ നാം തിരഞ്ഞെടുത്തിരിക്കുന്നത് അല്ലാഹുവിലുള്ള വിശ്വാസം എന്ന വിഷയവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളാണ്.

## ❖ ഈമാൻ കാര്യങ്ങൾ

അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും പ്രവാചകന്മാരിലും അവസാന നാളിലും നന്മയിലും തിന്മയിലും അല്ലാഹുവിന്റെ ഖദ്റി ലുമുള്ള വിശ്വാസ മാകുന്നു വിശ്വാസകാര്യങ്ങൾ.

അല്ലാഹു പറയുന്നത് കാണുക - എന്നാൽ അല്ലാഹുവിലും അന്ത്യദിന ത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നവർക്കാകുന്നു പുണ്യം. (അൽ ബഖറ; 177)

ഉമർ (റ) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം.

عن عمر بن الخطاب: الإيمانُ: أنْ تُؤمن بِاللهِ ومَلائِكتِه، وكُتُبِه، ورُسُلِهِ، واليومِ الآخِرِ، وتُؤمن بِالقَدَرِ خَيرِهِ وشَرِّهِ (صحيح الجامع ٢٧٩٧)

വിശ്വാസമെന്ന് പറഞ്ഞാൽ അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും ദൂതന്മാരിലും അന്ത്യനാളിലും നന്മയിലും തിന്മയിലും അല്ലാഹുവിന്റെ ഖദ്റിലുമുള്ള വിശ്വാസമാകുന്നു" (സ്വഹീഹുൽ ജാമിഅ്)

## ❖ വിശ്വാസത്തിന്റെ (ഈമാൻ) നിർവചനം.

വിശ്വാസത്തിന്റെ നിർവചനം നാവ് കൊണ്ട് ഉച്ചരിക്കലും ഹൃദയം കൊണ്ട് വിശ്വസിക്കലും അവയവങ്ങളുടെ പ്രവർത്തനങ്ങളും ഉൾകൊള്ളുന്നതാകുന്നു. അത് അനുസരണം വർദ്ധിക്കുമ്പോൾ കൂടുകയും തെറ്റുകൾ കൂടുമ്പോൾ കുറയുകയും ചെയ്യുന്നു.

## ❖ വിശ്വാസം കൂടുകയും കുറയുകയും ചെയ്യും.

അല്ലാഹു പറഞ്ഞു; അല്ലാഹുവിനെ പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭാരമേൽപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. (അൽ അൻഫാൽ 2,4)

ഒരടിമ തന്റെ നാഥനിലേക്കടുക്കും തോറും അവന്റെ വിശ്വാസം വർദ്ധിക്കുകയും തെറ്റുകൾ മുഖേന അകലും തോറും അവന്റെ വിശ്വാസം കുറയുകയും ചെയ്യുന്നു.

എന്നാൽ വിശ്വാസത്തിന്റെ അടിത്തറയെതന്നെ നശിപ്പിക്കുന്ന ശിർക്കു പോലെയുള്ള പാപങ്ങൾ വിശ്വാസത്തിൽ വളരെ അധികം ദു: സ്വാധീനം ചെലുത്തുകയും അതു മൂലം വിശ്വാസം തന്നെ ഇല്ലാതായി പ്പോവുകയും ചെയ്യുന്നു.

## ❖ എന്താണ് അല്ലാഹുവിലുള്ള വിശ്വാസം?

ഈ കാണുന്ന വിശാലമായ പ്രപഞ്ചത്തിന് ഏകനായ ഒരു രക്ഷിതാവുണ്ടെന്നും, അതിന്റെ സൃഷ്ടിപ്പിലും, അധികാരത്തിലും, നിയന്ത്രണത്തിലും കൈകാര്യകർതൃത്വത്തിലും അവന് മാത്രമെ അധികാരമുള്ളൂവെന്നും, അതിൽ ആർക്കും പങ്കില്ലന്നും വിശ്വസിക്കലാകുന്നു അല്ലാഹുവിലുള്ള വിശ്വാസം.
അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു, അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ പ്രതാപശാലിയോ നിന്ദ്യനോ ആക്കുന്നു. അവന്റെ കയ്യിലാകുന്നു ആകാശ ഭൂമികളുടെ അധികാരം, എല്ലാത്തിനും കഴിവുള്ളവനും, എല്ലാം അറിയുന്നവനും അവനാകുന്നു, അവന് ആരുടെയും സഹായം ആവശ്യമില്ല. അവന്റെ ഉടമസ്ഥതയിലാകുന്നു എല്ലാ കാര്യങ്ങളും, അവന്റെ കയ്യിലാകുന്നു എല്ലാ നന്മകളും, അവന്റെ പ്രവർ ത്തനത്തിൽ മറ്റാർക്കും ഒരു പങ്കുമില്ല. അവനെ അതിജയിക്കുന്നവരാരുമില്ല. മലക്കുകളും മനുഷ്യ ജിന്ന് വർഗ്ഗങ്ങളും എല്ലാ സൃഷ്ടികളും അവന്റെ അടിമകളാകുന്നു. അവരൊന്നും തന്നെ അവന്റെ കഴിവിൽ നിന്നും അധികാരത്തിൽ നിന്നും ഉദ്ദേശത്തിൽ നിന്നും പുറത്ത് പോകുന്നില്ല. അവന്റെ പ്രവർത്തനങ്ങൾ എണ്ണിക്കണക്കാക്കുവാനോ തിട്ടപ്പെടുത്തുവാനോ സാധ്യമല്ല. ഈ പ്രത്യേകതകളെല്ലാം അല്ലാഹുവിന് മാത്രം അർഹതപ്പെട്ടതാകുന്നു. അതിൽ ആർക്കും ഒരു പങ്കുമില്ല, അതിനർഹരായി ഒരു സൃഷ്ടിയുമില്ല, ഈ പ്രത്യേകതകളെല്ലാം തന്നെ അല്ലാഹുവിനല്ലാതെ ആരിലേക്കും ചേർത്ത് പറയുവാനും പാടില്ല. അതിനാൽ ആരാധനകൾ അവന് മാത്രമേ സമർപ്പിക്കാവൂ. അവന് തുല്ല്യനായി ആരും ഇല്ല.
അല്ലാഹു പറയുന്നു. "ജനങ്ങളെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെ യും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ, നിങ്ങൾ ദോഷ ബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയായും, ആകാശത്തെ മേൽപുരയുമാക്കിത്തരികകയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ച് തരികയും ചെയ്ത – നാഥനെ (അൽബഖറ - 21 – 22)

## ❖ അല്ലാഹുവിന് ഉൾകൃഷ്ട നാമങ്ങളും ഗുണങ്ങളുമുണ്ട്.

പരിശുദ്ധ ഖുർആനും തിരുസുന്നത്തും പരിചയപ്പെടുത്തിത്തന്ന അത്യുത്തമ നാമങ്ങളും, പരിപൂർണമായ സവിശേഷതകളും അല്ലാഹുവിന് മാത്രമാണെന്ന് വിശ്വസിക്കുക.

وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ (الأعراف: ١٨٠)

"അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ച് കൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ട് കളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും. (അഅ്റാഫ്- 180)

### ❖ അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ.

### 1. അല്ലാഹു (الله)

- എല്ലാവർക്കും സുപരിചിതമായ അല്ലാഹുവിന്റെ നാമമാണ് الله എന്നത്. അത് ഇസ്മുൽ ജലാല (اسم الجلالة) എന്ന് അറിയപ്പെടുന്നു.
- ഈ നാമം ഖുർആനിൽ 2724 തവണ ആവർത്തിച്ചിട്ടുണ്ട്. ആരാധനക്ക് യഥാർത്ഥ അർഹൻ / യഥാർത്ഥ ആരാധ്യൻ എന്നുദ്ദേശം.

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي (طه:١٤)

തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക". (ത്വാഹ : 14)

- അള്ളാഹു മാത്രമാണ് യഥാർത്ഥ ആരാധ്യൻ, കാരണം ഒരു യഥാർത്ഥ ഇലാഹിനു (ആരാധ്യൻ) ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ അവനു മാത്രമേയുള്ളൂ.

### 2. എന്നെന്നും ജീവിച്ചിരിക്കുന്നവൻ (الحيّ)

- അല്ലാഹുവിന്റെ അത്യുത്തമമായ നാമങ്ങളിൽപെട്ടതാണ് (الحي) എന്നെന്നും ജീവിക്കുന്നവൻ.
- അതവന് യോജിക്കുന്ന രൂപത്തിൽ യാതൊരു വ്യാഖ്യാനവും കൂടാതെ സ്ഥിരപ്പെടുത്തൽ നിർബ്ബന്ധമാകുന്നു.

اللَّهُ لَا إِلَٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ

അല്ലാഹു അവനല്ലാതെ ദൈവമില്ല, എന്നെന്നും ജീവിച്ചിരിക്കുന്നവൻ, മയക്കമോ, ഉറക്കമോ, അവനെ ബാധിക്കുകയില്ല" (അൽ ബഖറ-255)

## ❖ നാമ വിശേഷണങ്ങൾ അടിസ്ഥാന നിയമങ്ങൾ

അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സംബന്ധിച്ചുള്ള ഏതാനും അടിസ്ഥാന നിയമങ്ങൾ വ്യക്തമാക്കുകയാണ്.

### 1. നിയമം ഒന്ന്: ഖുർആനിന്റെയും സുന്നത്തിന്റെയും ഖണ്ഡിതമായ വിവരണം അംഗീകരിക്കൽ.

അല്ലാഹുവിന്റെ നാമങ്ങളേയും വിശേഷണങ്ങളേയും സംബന്ധിച്ച് ഖുർആനിലും സുന്നത്തിലും വ്യക്തമായി വന്നിട്ടുള്ള തെളിവുകൾക്കനുസരിച്ച് അങ്ങിനെത്തന്നെ, അതിന്റെ ബാഹ്യാർത്ഥത്തിൽ തന്നെ യാതൊരുവിധ മാറ്റത്തിരുത്തലും കൂടാതെ അംഗീകരിക്കലും വിശ്വസിക്കലും നിർബന്ധമാണ്. കാരണം അല്ലാഹുവിന്റെയും റസൂലിന്റെയും വാക്കുകൾ മാറ്റത്തിരുത്തലുകളില്ലാതെ അതേ ഭാഷയിലൂടെ തന്നെ നാം മനസ്സിലാക്കി നിലനിർത്തേണ്ടതാണ്. അതിന്റെ ബാഹ്യാർത്ഥത്തിൽ മനസ്സിലാകുന്നതിൽ നിന്ന് മാറ്റം വരുത്തുക എന്നത് അല്ലാഹുവിന്റെ പേരിൽ വിവരമില്ലാത്തത് സംസാരിക്കലായിരിക്കും. അതാകട്ടെ, ഹറാമാണ്താനും. അല്ലാഹു പറയുന്നത് കാണുക:

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَنْ تُشْرِكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَنْ تَقُولُوا عَلَى اللَّهِ مَا لَا تَعْلَمُونَ (الأعراف: ٣٣)

"പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് പങ്ക്ചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാകുന്നു" (അഅ്റാഫ് 33).

ഉദാഹരണമായി:

بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ (المائدة ٦٤)

"അല്ല, അവന്റെ രണ്ടുകൈകളും നിവർത്തപ്പെട്ടവയാണ് അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു" (മാഇദ: 64)

ഇവിടെ ആയത്തിൽ അല്ലാഹുവിന് യഥാർത്ഥത്തിലുള്ള രണ്ട് കൈകളുണ്ട് എന്നു തന്നെയാണ് വ്യക്തമാകുന്നത്. അത് അങ്ങനെത്തന്നെ നാം വിശ്വസിക്കുകയും അവന്ന് രണ്ടു കൈകളുണ്ടെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

എന്നാൽ ആരെങ്കിലും, ഇവിടെ ആയത്തിൽ പറഞ്ഞ കൈകൾ കൊണ്ട് വിവക്ഷിക്കുന്നത് അവന്റെ ശക്തിയെയാണ് എന്ന് പറഞ്ഞാൽ നമുക്ക വരോട് പറയാനുള്ളത്

അത് അല്ലാഹുവിന്റെ കലാമിനെ ബാഹ്യാർത്ഥത്തിൽ നിന്ന് തെറ്റിക്കലാണ്. അതാകട്ടെ അല്ലാഹുവിന്റെ പേരിൽ വിവരമില്ലാത്തത് പറയലുമാണ്.

## 2. നിയമം രണ്ട്: അല്ലാഹുവിന്റെ നാമങ്ങൾ

ഈ നിയമത്തെ സംബന്ധിച്ച് മനസ്സിലാക്കുമ്പോൾ അത് ഏതാനും ഉപ ശാഖക ളിലായി ചർച്ചചെയ്യേണ്ടതായിട്ടുണ്ട്.

### A. അല്ലാഹുവിന്റെ നാമങ്ങൾ വിശിഷ്ടമായതാണ്.

അതായത് അവയത്രയും നന്മയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നവയാണ്. അവ യാതൊരു നിലയിലും ന്യൂനതകളില്ലാത്തതും പരിപൂർണ്ണമായ തുമായ വിശേഷണ ങ്ങളുൾക്കൊള്ളുന്നവയുമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്" (അഅ്റാ ഫ് 180).

- ഉദാഹരണമായി പറഞ്ഞാൽ: (الرحمن) അർറഹ്മാന്റെ (പരമകാരുണികൻ) എന്ന ത് അല്ലാഹുവിന്റെ നാമങ്ങളിൽ ഒന്നാണ്.
- അത് അല്ലാഹുവിന്റെ ഏറ്റവും വിശാലമായ നിലയിലുള്ള (الرحمة) (റഹ്മത്ത്) കരുണയെന്ന വിശേഷണത്തെ സൂചിപ്പിക്കുന്നതാണ്.
- അപ്രകാരം തന്നെ (الدهر) (ദഹ്ർ) (കാലം) എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതല്ല എന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്.
- കാരണം അത് നന്മയിൽ ഉന്നതമായിരിക്കുക എന്ന വിശേഷണം ഉൾക്കൊള്ളാ ത്തതാണ് എന്നുതന്നെ.
- എന്നാൽ താഴെ പറയുന്ന നബിവചനത്തിൽ ഇപ്രകാരം കാണുകയും ചെയ്യുന്നു:

لاَ تَسُبُّ الدَّهْرَ فَإِنَّ اللهَ هُوَ الدَّهْرُ

"നിങ്ങൾ കാലത്തെ ചീത്ത പറയരുത്, കാരണം തീർച്ചയായും അല്ലാഹു അവനാണ് കാലം " എന്നാൽ പ്രസ്തുത ഹദീസ് കൊണ്ടുള്ള ഉദ്ദേശ്യം മറ്റ് ഹദീസുകൾ വ്യക്തമാ ക്കിത്തരുന്നുണ്ട്. അവ ഇപ്രകാരമാണ്. അല്ലാഹു കാലത്തിന്റെ ഉടമയും കൈകാര്യ കർത്താവുമാണ്. അല്ലാഹു പറയുന്നു:

بِيَدِي الأَمْرُ أُقَلِّبُ اللَّيْلَ وَّالنَّهار

"എന്റെ കൈകളിലാണ് കാര്യം, ഞാനാണ് രാപ്പകലുകളെ മാറ്റിമറിക്കുന്നത്".

### B. അല്ലാഹുവിന്റെ നാമങ്ങൾ എത്രയെന്ന് എണ്ണം ക്ലിപ്തപെടുത്താവുന്നതല്ല.

- അല്ലാഹുവിന്റെ നാമങ്ങൾ നിശ്ചിത എണ്ണമാണെന്ന് നിജപ്പെടുത്താവുന്നതല്ല എന്നകാര്യം ഇനി പറയുന്ന പ്രസിദ്ധമായ പ്രവാചക വചനത്തിൽ നിന്ന് മനസ്സി ലാക്കാവുന്നതാണ്.

أَسْأَلُكَ اللهُمَّ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوْ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ (أحمد، ابن حبان)

"അല്ലാഹുവേ, നീ നിനക്കു പേരുനൽകിയിട്ടുള്ളതായ, അതല്ലെങ്കിൽ നീ നിന്റെ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ള, അതല്ലെങ്കിൽ നിന്റെ സൃഷ്ടികളിലാർക്കെങ്കിലും നീ പഠിപ്പിച്ചു കൊടുത്തിട്ടുള്ള, അതുമല്ലെങ്കിൽ നീ നിന്റെ അദൃശ്യജ്ഞാനത്തിൽ നിനക്കു മാത്രമായി സൂക്ഷിച്ചുവെച്ചിട്ടുള്ള മുഴുവൻ പേരുകൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു" (അഹ്മദ്, ഇബ്നു ഹിബ്ബാൻ).

അല്ലാഹു തന്റെ അദൃശ്യജ്ഞാനത്തിൽ തനിക്കു മാത്രമായി രഹസ്യമാക്കി വെച്ചിട്ടുള്ളതിന്റെ കണക്ക് അറിയുവാനും അത് ക്ലിപ്തപ്പെടുത്തുവാനും ഒരാൾക്കും കഴിയുകയില്ല.

عن أبي هريرة: لِلَّهِ تِسْعَةٌ وتِسْعُونَ اسْمًا، مِئَةٌ إلّا واحِدًا، لا يَحْفَظُها أحَدٌ إلّا دَخَلَ الجَنَّةَ، وهو وتْرٌ يُحِبُّ الوَتْرَ. (البخاري)

“നിശ്ചയമായും അല്ലാഹുവിന് 99 നാമങ്ങൾ ഉണ്ട്. നൂറ്; ഒന്നൊഴികെ. ആരെങ്കിലും അവ ‘ഇഹ്സ്വാഅ്’ ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു.” (ബുഖാരി)

മേൽ പറഞ്ഞതായ ഹദീസുകൾ ഒരിക്കലും വൈരുദ്ധ്യമില്ല. അവ ഇങ്ങനെ യോജിപ്പിക്കാവുന്നതാണ്. ഇവിടെ രണ്ടാമതായി പറഞ്ഞ ഹദീസിൽ 'അല്ലാഹുവിന്റെ നാമങ്ങളിൽ തൊണ്ണൂറ്റി ഒമ്പതെണ്ണം ആരെങ്കിലും ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നുമാത്രമാണ്' പറഞ്ഞിട്ടുള്ളത്. അതല്ലാതെ അല്ലാഹുവിന്റെ നാമങ്ങൾ ഇപ്പറഞ്ഞ എണ്ണം മാത്രമാണ് എന്ന് ക്ലിപ്തപ്പെടുത്തുകയല്ല.

ഏതു പോലെ, ഒരാൾ ‘എന്റെ കയ്യിൽ ദാനം ചെയ്യുന്നതിനായി നൂറു രൂപ ഉണ്ടെന്ന്’ പറഞ്ഞാൽ അതിന്റെ അർഥം ആ നൂറു രൂപയല്ലാതെ മറ്റു പണമൊന്നും അയാളുടെ പക്കൽ ഇല്ല എന്നല്ലല്ലോ? ഇതു പോലെ തന്നെയാണ് ഈ ഹദീസിന്റെയും ആശയം.

- മേൽപറഞ്ഞ ഹദീസിൽ നാമങ്ങൾ ഹൃദിസ്ഥമാക്കുക എന്നാൽ നാമങ്ങൾ മന:പ്പാഠമാക്കുകയും അവയുടെ ആശയങ്ങൾ മനസ്സിലാക്കി അവ ആവശ്യപ്പെട്ടുന്നതിനനുസൃതമായി അല്ലാഹുവിനെ മനസ്സിലാ ക്കി ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്.
- അല്ലാതെ കേവലം പേരുകൾ കാണാതെ പഠിച്ചു വെച്ച് എങ്ങിനെ ജീവിച്ചാലും സ്വർഗ്ഗം ലഭിക്കും എന്നതല്ല മേൽ ഹദീസിന്റെ വിവക്ഷ.

### C. അല്ലാഹുവിന്റെ നാമങ്ങൾ ബുദ്ധികൊണ്ട് മാത്രം സ്ഥിരപ്പെടുത്താവുന്നവയല്ല.

- അല്ലാഹുവിന്റെ നാമങ്ങളത്രയും ശരീഅത്ത് (ദൈവീകനിയമം) കൊണ്ട് മാത്രം സ്ഥിരപ്പെടുത്തപ്പെട്ടവയും ബുദ്ധിക്ക് പ്രവേശനമില്ലാത്ത വിധം ഭദ്രമാക്കപ്പെട്ട വയുമാണ്.
- ശരീഅത്ത് എപ്രകാരം വ്യക്തമാക്കുന്നുവോ അങ്ങിനെത്തന്നെ, കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ നാം സ്ഥിരപ്പെടുത്തേണ്ടതുമാണ്
- അല്ലാഹുവിന് അവകാശപ്പെട്ട നാമങ്ങളെന്തൊക്കെ എന്നത് ബുദ്ധി കൊണ്ട് തേടിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെ അക്കാര്യത്തിൽ ശരീഅത്തിനെ അവലംബിക്കൽ അനിവാര്യമാണ താനും.
- അല്ലാഹു, അവനു നൽകിയിട്ടില്ലാത്തതായ പേര് അവന് നൽകലും, അതല്ലെങ്കിൽ അവൻ തനിക്ക് നൽകിയ പേരുകളിൽ ഏതെങ്കിലും നിഷേധിക്കലും അവന്റെ അവകാശത്തിൽ നടത്തുന്ന കുറ്റമാണ്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ മാന്യമായ നിലക്ക് നീങ്ങലും നിർബന്ധമാണ്.

## 3. നിയമം മൂന്ന്: അല്ലാഹുവിന്റെ വിശേഷണങ്ങൾ

ഇതും ഏതാനും ശാഖകൾ ഉൾപ്പെടുന്നവയാണ്

I. അല്ലാഹുവിന്റെ വിശേഷണങ്ങൾ ഉന്നതങ്ങളാണ്.

അല്ലാഹുവിന്റെ സ്വിഫത്തുകൾ (വിശേഷണങ്ങൾ) എല്ലാം ഉന്നതവും പരിപൂർണ്ണവും സ്തുത്യർഹവുമാണ്. യാതൊരുവിധത്തിലുള്ള ന്യൂനതയു മില്ലാത്തവയുമാണ്. ഹയാത്ത് (ജീവിതം), ഇൽമ് (അറിവ്), ഖുദ്റ: (ശക്തി), സംഅ് (കേൾവി), ബസ്വർ (കാഴ്ച), ഹിക്മ: (യുക്തി), റഹ്മ: (കാരു ണ്യം), ഉലുവ്വ് (ഔന്നത്യം) ഇവ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ചിലത് മാത്രമാണ്. കാരണം അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

وَلِلَّهِ الْمَثَلُ الْأَعْلَىٰ

അല്ലാഹുവിനാകുന്നു അത്യുന്നതമായ അവസ്ഥ. അവൻ പ്രതാപിയയും യുക്തിമാനുമാകുന്നു (നഹ്ൽ: 60)

- അല്ലാഹു പരിപൂർണ്ണനാണ്. അതിനാൽ അവന്റെ വിശേഷണങ്ങളും പരിപൂർണ്ണമായവ തന്നെയായിരിക്കണം.
- എന്നാൽ ഏതെങ്കിലും വിശേഷണങ്ങൾ അവ അപൂർണ്ണതയും ന്യൂനതയും ഉള്ളവയാണ് എങ്കിൽ അതൊരിക്കലും അല്ലാഹുവിന് ഉണ്ടാ കാൻ പാടില്ലാത്തതാണ്.
- മൗത്ത് (മരണം), ജഹ്ൽ (അജ്ഞത), അജ്സ് (അശക്തത), സ്വുമ്മ് (ബധിരത), ഉംയ് (അന്ധത) എന്നിവ പോലുള്ള വിശേഷണങ്ങൾ ഒരിക്കലും പരിശുദ്ധനായ അല്ലാഹുവിന് ഉണ്ടായിക്കൂടാത്തതാണ്.

- കാരണം അവ അപൂർണ്ണതകൊണ്ട് വിശേഷിപ്പിക്കാൻ ഇടവരുത്തും. അല്ലാഹു വാകട്ടെ ന്യൂനതകൊണ്ട് വിശേഷിപ്പിക്കുന്നവരുടെ എല്ലാ വിധ ന്യൂനതകളിൽ നിന്നും തന്നെ പരിശുദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു.
- കാരണം അല്ലാഹു, തന്റെ രക്ഷാകർതൃത്വമെന്ന സ്ഥാനത്തിന് എതിരാകുന്ന വിധം അപൂർണ്ണനാവുക എന്നത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതുമാണ്.
- അപ്രകാരം തന്നെ ഒരുനിലക്ക് പരിപൂർണ്ണവും മറ്റൊരു നിലക്ക് ന്യൂനവുമായ വിശേഷണങ്ങളും അല്ലാഹുവിന് സ്ഥിരപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാ ലവ ഒരുനിലയിലും അവനുണ്ടായിക്കൂടാ എന്നുവരുന്നില്ല. പക്ഷേ അത്തരം സന്ദർഭങ്ങളിൽ അവനെ സംബന്ധിച്ചേട ത്തോളം പരിപൂർണ്ണമായിത്തീരുന്ന വിധം അവയെ മനസ്സിലാക്കേ ണ്ടതാണ്. അവന് ന്യൂനമായിത്തീരുന്നവിധം ഉണ്ടാകാൻ പാടില്ലാത്ത വിശേഷണങ്ങളിൽ പെട്ടതാണ് മക്റ് (കുതന്ത്രം). കൈദ് (ചതി), ഖിദാഅ് (വഞ്ചന) എന്നിവ പോലുള്ളത്. എന്നാലിവയെ സംബന്ധിച്ച് നാം മനസ്സിലാക്കേണ്ടത് അവക്കെതിരിലുള്ള വിശേഷണങ്ങൾ അല്ലാഹുവിന് പരിപൂർണ്ണമായ നിലക്കുണ്ട് എന്നതാണ്.
- (മേൽപറയപ്പെട്ട വിശേഷണങ്ങൾ പ്രയോഗിക്കപ്പെടുന്നത്) അല്ലാഹുവിന് തന്റെ ശത്രുവിനെതിരിൽ അവർ പ്രവർത്തിക്കുന്നതു പോലെ പ്രവർത്തിക്കൽ അസാധ്യമാകുന്നില്ല എന്ന് മനസ്സിലാക്കുവാനാണ്.
- മേൽ പറഞ്ഞ വിധത്തിലുള്ള വിശേഷണങ്ങളുൾക്കൊള്ളുന്ന ഏതാനും വചനങ്ങ ൾ കാണുക, അല്ലാഹു പറയുന്നു:

وَيَمْكُرُونَ وَيَمْكُرُ اللَّهُ وَاللَّهُ خَيْرُ الْمَاكِرِينَ (٣٠)

അവർ കുതന്ത്രം പ്രയോഗിക്കുന്നു അല്ലാഹുവും കുതന്ത്രം പ്രയോഗിക്കുന്നു, അല്ലാഹു വാണ് കുതന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ (അൻഫാൽ ;30).

إِنَّهُمْ يَكِيدُونَ كَيْدًا (١٥) وَأَكِيدُ كَيْدًا (١٦)

തീർച്ചയായും അവർ വലിയ തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും ഞാനും വലിയ തന്ത്രം പ്രയോഗിക്കും. (ത്വാരിഖ് 15,16).

إِنَّ الْمُنَافِقِينَ يُخَادِعُونَ اللَّهَ وَهُوَ خَادِعُهُمْ

തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത് (നിസാഅ് 142).
ഇതുപോലെ വേറെയും ആയത്തുകളിൽ കാണാവുന്നതാണ്.
എന്നാൽ, അല്ലാഹു കുതന്ത്രം പ്രയോഗിക്കുന്നവനാണ് എന്ന് വിശേഷിപ്പിക്കാൻ പറ്റുമോ എന്നു ചോദിച്ചാൽ, അതിനുത്തരം അതേ എന്നോ, അല്ല എന്നോ പറഞ്ഞു

കൂടാത്തതാണ്. എന്നാൽ അവനർഹിക്കും വിധം തന്ത്രം പ്രയോഗിക്കുന്നവനാണ്, കൂടുതൽ അല്ലാഹുവിനറിയാം എന്ന് പറഞ്ഞുകൊള്ളട്ടെ.

II. അല്ലാഹുവിന്ന് രണ്ടുതരം വിശേഷണങ്ങളുണ്ട്

- അല്ലാഹുവിന്റെ വിശേഷണങ്ങളെ (ثبوتية) (സ്ഥാപിതമായത്) (سلبية) (നിഷേധാത്മകമായത്) എന്നിങ്ങനെ രണ്ടായി തിരിക്കപ്പെടുന്നു.
- ഥുബൂതിയ്യ: എന്നാൽ അല്ലാഹു തന്നെ തനിക്കുള്ളതായി സ്ഥിരപ്പെട്ട ത്തിയിട്ടുള്ള തായ അല്ലെങ്കിൽ അല്ലാഹുവിനുള്ളതായി നബി (സ) അറിയിച്ച തന്നിട്ടുള്ള ഹയാത്ത്, ഇൽമ്, ഖുദ്റത്ത് എന്നിങ്ങനെയുള്ളവയാണ്. അത് അവനനുയോ ജ്യമായ നിലക്ക് നാമും അവന് സ്ഥിരപ്പെടുത്തേണ്ടതാണ്. കാരണം അതല്ലാഹു അവന് സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നത്കൊണ്ടു തന്നെ. അവനാണല്ലോ അവന്റെ വിശേ ഷണങ്ങളെ സംബന്ധിച്ച് ഏറ്റവും അറിയുന്നവൻ!.
- സൽബിയ്യ: എന്നാൽ അത് അല്ലാഹുതന്നെ തനിക്കൊരിക്കലും ഉണ്ടാകാൻ പാടില്ലാത്തത് എന്ന് നിഷേധിച്ചിട്ടുള്ള (ظلم) (അക്രമം) പോലെയുള്ളതുമാണ്. അത്തരത്തിലുള്ളവയെ നാമും അതൊരിക്കലും അല്ലാഹുവിനുണ്ടാകാൻ പാടില്ലാ ത്തവയാണ് എന്ന് മനസ്സിലാക്കി നിഷേധിക്കുകയും അതോടൊപ്പം അതിനെ തിരിലുള്ള കാര്യം ഏറ്റ വും പൂർണ്ണമായ നിലക്ക് അവനുണ്ട് എന്ന് സ്ഥിരീകരിച്ച് വിശ്വസി ക്കലും നിർബന്ധമാണ്.
- ഉദാഹരണത്തിന് സൂറത്തുൽ കഹ്ഫിലെ താഴെ പറയുന്ന ആയത്ത് ശ്രദ്ധിക്കുക:

وَلَا يَظْلِمُ رَبُّكَ أَحَدًا

നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല (കഹ്ഫ് 49)

ഇവിടെ (ظلم) (അക്രമം) നാം നിഷേധിക്കുന്നതോടൊപ്പം (عدل) (നീതി) ഏറ്റവും പൂർണ്ണമായ രീതിയിൽ അവനുണ്ടെന്ന് മനസ്സിലാക്കി അംഗീകരിക്കൽ നിർബന്ധ മാണ്.

## അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും പഠിക്കുക.

അല്ലാഹുവിനെ അംഗീകരിക്കുന്ന നാം പ്രമാണങ്ങളിൽസ്ഥിരപ്പെട്ടു വന്ന അവന്റെ നാമങ്ങളും വിശേഷണങ്ങളും പഠിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ ഓരോ നാമങ്ങളും വളരെ മഹത്തരമായ അർഥവും വിശേഷണവും ഉൾക്കൊള്ളുന്നവയാണ്. അതിനാ ലാണ് അവന്റെ നാമങ്ങൾ അത്യുത്തമമായ നാമങ്ങൾ -അസ്മാഉൽ ഹുസ്ന- ആണെ ന്നു പറയുന്നത്. (മദാരിജു സ്സാലികീൻ: 1/125, ഖവാഇദുൽ മുസ്ല)

അല്ലാഹുവിന്റെ ഏതൊരു നാമത്തിലും അവന്റെ ഒരു ഉത്തമമായ വിശേ ഷണം ഉണ്ടാകും. എന്തെങ്കിലും ഒരു വിശേഷണം ഉൾക്കൊള്ളാത്ത നിർജീവമായ നാമങ്ങൾ അവനുണ്ടാവുകയില്ല.

ഉദാഹരണത്തിന്; അല്ലാഹ്ഹുവിന്റെ നാമങ്ങളിൽ ഒന്നാണ് 'സമീഅ് (السَّمِيع)'; എല്ലാം കേൾക്കുന്നവൻ എന്നാണ ഈ നാമത്തിന്റെ അർഥം. 'സംഉ' (السَّمْع) -കേൾവി- എന്ന വിശേഷണം ഈ നാമം ഉൾക്കൊള്ളുന്നു. ഇതു പോലെ തന്നെയാണ് 'അറഹ്മാൻ (الرَّحْمَن)' എന്ന നാമം; അല്ലാഹു വിന്റെ അറ്റമില്ലാത്ത റഹ്മതിനെ (الرَّحْمَة) -കാരുണ്യത്തെ- ഈ നാമം അറിയിക്കുന്നു. ഇങ്ങനെ അല്ലാഹുവിന്റെ ഓരോ നാമങ്ങൾക്ക് പിന്നിലുമുള്ള അർഥം മനസ്സിലാക്കുക

കേവലം  അർഥം മനസ്സിലാക്കുക എന്നതല്ല ഇതു കൊണ്ടുള്ള ഉദ്ദേശ്യം. മറിച്ച്, അല്ലാഹുവിന്റെ നാമങ്ങളുടെ പിന്നിലുള്ള അർത്ഥവ്യാപ്തിയും, അതിന്റെ വിശാലതയും, അതിലടങ്ങിയിട്ടുള്ള മനോഹാരിതയും ഭംഗിയും നുകർന്ന് കൊണ്ടായിരിക്കണം അവൻ ഓരോ നാമങ്ങളും പഠിക്കേണ്ടത്. ആ ഭംഗി അവന് അനുഭവിച്ച മാത്രമേ അറിയാൻ കഴിയൂ; പേനകൾക്ക് അത് വർണിക്കുവാനോ, വാക്കുകൾക്ക് അതിനെ ഉൾക്കൊള്ളാനോ കഴിയില്ല.

- **അവ കൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യുക.**

അല്ലാഹുവിന്റെ നാമങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കുകയും, അതിന്റെ അർഥം മനസ്സിലാക്കുകയും ചെയ്താൽ അല്ലാഹുവിനെ ഈ നാമങ്ങൾ കൊണ്ട് പ്രാർഥിക്കുക.

അല്ലാഹു  തന്നെ അക്കാര്യം നമ്മോട് കൽപ്പിച്ചിരിക്കുന്നു:

അല്ലാഹുവിന് അസ്മാഉൽ ഹുസ്ന -ഏറ്റവും ഉത്തമമായ നാമങ്ങൾ- ഉണ്ട്. അത് മുഖേന അവനോട് നിങ്ങൾ ദുആ ചെയ്യുക. (അഅറാഫ്: 180)

- എങ്ങനെയാണ് അല്ലാഹുവിന്റെ നാമങ്ങൾ കൊണ്ട് ദുആ ചെയ്യുക.?
- രണ്ട് കാര്യങ്ങളാണ് ഇത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

1. അല്ലാഹുവിന്റെ നാമങ്ങൾ മുൻനിർത്തി അവനെ വിളിച്ച പ്രാർഥിക്കുക.

ഉദാഹരണത്തിന്; റഹ്മാനായ അല്ലാഹുവേ! എന്നോട് കാരുണ്യം –റഹ്മത്ത്- ചൊരിയണേ, റാസിഖായവനേ! എനിക്ക് ഉപജീവനം -രിസ്ഖ്- നൽകണേ- എന്നിങ്ങനെ പ്രാർഥിക്കുക.

ഈ പറഞ്ഞ കാര്യം എല്ലാവർക്കും സുപരിചിതമാണ്. നബിമാരുടെയും ഔലിയാക്കന്മാരുടെയും പ്രാർത്ഥനകളിൽ എമ്പാടും ഈ രൂപം കാണാം. 'അല്ലാഹുമ്മ', 'റബ്ബനാ', 'യാ ഹയ്യു യാ ഖയ്യൂം' എന്നിങ്ങനെ തുടങ്ങുന്ന പ്രാർത്ഥനകളെല്ലാം ഈ പറഞ്ഞതിന് ഉദാഹരണമാണ്.

## 2. അല്ലാഹുവിന്റെ നാമങ്ങളുടെ തേട്ടമനുസരിച്ച നീ ജീവിക്കുക.

- ഈ പറഞ്ഞത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അല്ലാഹുവിന്റെ നാമങ്ങൾ പഠിക്കുന്നതിന് പിന്നിലുള്ള ഉദ്ദേശങ്ങളിൽ പ്രധാനം ഇതാണ്.
- അല്ലാഹുവിന്റെ ഓരോ നാമങ്ങൾക്കും നിന്റെ ജീവിതത്തിൽ പ്രകടമായ സ്വാധീനം ചെലുത്താൻ കഴിയും.
- ഉദാഹരണത്തിന്; അല്ലാഹു സമീഅ്ആണ് -എല്ലാം കേൾക്കുന്നവൻ- എന്നു മനസ്സിലാക്കിയവൻ അവന്റെ സംസാരം ശ്രദ്ധിക്കും. മോശമായ വാക്കുകളും, ആശ്ലീലങ്ങളും അവന്റെ നാവിൽ നിന്ന് പുറത്തു വരികയില്ല. കാരണം, അവനറിയാം അല്ലാഹു എല്ലാം കേൾക്കുന്നുണ്ട്.
- ഇപ്രകാരം തന്നെ മറ്റു നാമങ്ങളും. അല്ലാഹു റഹ്മാനാണ്; അത് മനസ്സി ലാക്കിയവൻ സഹജീവികളോട് റഹ്മത് കാണിക്കും. അവൻ അലീമാണ് -എല്ലാം അറിയുന്നവൻ-, അതിനാൽ നിന്റെ രഹസ്യവും പരസ്യവും നീ നന്നാക്കുക. ഇങ്ങനെ ബാക്കിയുള്ള നാമങ്ങളും.
- ഇപ്രകാരമാണ് അല്ലാഹുവിന്റെ നാമങ്ങൾ 'ഇഹ്സ്വാഅ്' നടത്തേണ്ടത്. ഇങ്ങനെ അല്ലാഹുവിനെ അറിയുക എന്നത് വിജ്ഞാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും മഹത്തരമായ വിജ്ഞാനമാണ്.